**വളരെ അടിയന്തരം - സമയബന്ധിതം**

നം.എച്ച്2/35637/14

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 17.09.2014

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം - ജീവനം - അധ്യാപക ബാങ്ക് - ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച്.**

സൂചന :-
1. 01.10.2011 ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി.വ.
2. 29.11.2013 ലെ ജി.ഒ.(പി) നമ്പർ 313/2013/പൊ.വി.വ.
3. 04.07.2014 ലെ ജി.ഒ.(പി) നമ്പർ 124/2013/പൊ.വി.വ.
4. ഈ ഓഫീസിൽ നിന്നുള്ള 10.07.2014 ലെ ഇതേ നമ്പർ സർക്കുലർ
5. ഈ ഓഫീസിൽനിന്നുള്ള 23.08.2014 ലെയും 03.09.2014 ലെയും ഇതേ നമ്പർ കത്തുകൾ

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 2014-15 വർഷത്തെ തസ്തിക നിർണയം പൂർത്തിയായിക്കഴിഞ്ഞു (ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവ് ബാധകമായ സ്കൂളുകൾ ഒഴികെ). ഇനി അവശേഷിക്കുന്ന ജോലി ഈ വർഷം തസ്തിക നഷ്ടമായി പുറത്തായ റഗുലർ അധ്യാപകരെ ചേർത്ത് അധ്യാപക ബാങ്ക് രൂപവത്കരിക്കുക എന്നതാണ്. ഐ.ടി@സ്കൂൾ ഇതിനായി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് അധ്യാപക ബാങ്കിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ പേരുവിവരങ്ങൾ ശേഖരിക്കുന്നത്.

**എ.ഇ.ഒ/ഡി.ഇ.ഒ മാർ ചെയ്യേണ്ടത് :-**

- ഐ.ടി@സ്കൂളിന്റെ വെബ്സൈറ്റിലെ '6th working day status' ൽ ക്ലിക്കു ചെയ്ത് സമ്പൂർണ യൂസർനെയിം, പാസ്‌വേർഡ് ഉപയോഗിച്ച് ലോഗിൻ ചെയ്യുക.

- തുടർന്ന് ദൃശ്യമാകുന്ന Employee status ൽ ക്ലിക്കുചെയ്താൽ ലഭിക്കുന്ന റവന്യൂ ജില്ല, വിദ്യാഭ്യാസ ജില്ല വഴി വിദ്യാഭ്യാസ ഉപജില്ലയിൽ പ്രവേശിച്ചാൽ പ്രസ്തുത ഉപജില്ലയിൽ ഉൾപ്പെടുന്ന വ്യക്തിഗത മാനേജ്മെന്റ് ഉടമസ്ഥതയിലെ എയ്ഡഡ് സ്കൂളുകൾ കാണാം. പ്രത്യേകം ശ്രദ്ധിക്കുക - ഇതിൽ ഒന്നില

ധികം സ്കൂളുകളുള്ള വ്യക്തിഗത/ കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകൾ ഉണ്ടാകില്ല. എ.ഇ.ഒ മാർക്ക് എയ്ഡഡ് പ്രൈമറി സ്കൂളുകളും ഡി.ഇ.ഒ-മാർക്ക് എയ്ഡഡ് ഹൈസ്കൂളുകളും മറ്റ് സെക്കന്ററി സ്കൂളുകളുമാണ് ദൃശ്യമാകുന്നത്.

- സ്കൂൾ സെലക്ട് ചെയ്താൽ സ്കൂളിലെ അധ്യാപകരുടെ വിവരങ്ങൾ ദൃശ്യമാകും. (Employee details വഴി സ്കൂളിൽനിന്നുതന്നെ എന്റർ ചെയ്ത വിവരങ്ങളാണിവ). ഇതിൽനിന്ന് അധ്യാപക ബാങ്കിലേക്ക് മാറ്റുന്ന അധ്യാപകരെ / അനധ്യാപകരെ അവരുടെ പേരിന്റെ വലതുവശത്തെ അവസാന കോളം സെലക്ട് ചെയ്ത് "Excess Teacher deployed to Teachers Bank" എന്ന ഓപ്ഷൻ തിരഞ്ഞെടുത്ത് Confirm ചെയ്യുക. പ്രത്യേകം ശ്രദ്ധിക്കുക - ബാങ്കിലേക്ക് മാറ്റേണ്ട ജീവനക്കാരൻ ആരാണെന്ന് പൂർണമായും ശരിയായും ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ ക്ലിക്കുചെയ്യാവൂ. "Excess Teacher deployed to Teachers Bank" എന്ന ഓപ്ഷനല്ലാതെ മറ്റൊരു ഓപ്ഷനും തിരഞ്ഞെടുക്കരുത്. ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റേണ്ട ജീവനക്കാരന്റെ കോളത്തിലല്ലാതെ മറ്റാരുടെയും കോളത്തിൽ ക്ലിക്കുചെയ്യുകയുമരുത്.

**<u>വിദ്യാഭ്യാസ ഉപഡയറക്ടർമാർ ചെയ്യേണ്ടത് :-</u>**

റവന്യൂ ജില്ലയിലെ സർക്കാർ സ്കൂളുകളിൽനിന്ന് അധ്യാപക ബാങ്കിലേക്ക് മാറ്റപ്പെടുന്ന ജീവനക്കാരുടെ വിവരങ്ങളാണ് വിദ്യാഭ്യാസ ഉപഡയറക്ടർമാർ നൽകേണ്ടത്.

- ലോഗിൻ നടപടിക്രമങ്ങൾ മേൽപറഞ്ഞതുതന്നെ.
- ഡി.ഡി.ഇ മാർക്ക് ദൃശ്യമാകുന്നത് റവന്യൂ ജില്ലയിലെ സർക്കാർ സ്കൂൾ ജീവനക്കാരുടെ Designation wise list ആണ്. ഇതിൽ ആവശ്യമുള്ള കാറ്റഗറി സെലക്ട് ചെയ്താൽ പ്രസ്തുത കാറ്റഗറിയിലെ, റവന്യൂജില്ലയിൽ ആകെയുള്ള ജീവനക്കാരുടെ വിവരങ്ങൾ ലഭിക്കും. ഇതിൽനിന്ന് അധ്യാപക ബാങ്കിലേക്ക് മാറ്റുന്നയാളിനെ സെലക്ട് ചെയ്ത് Confirm ചെയ്യുക. (നടപടിക്രമങ്ങൾ എ.ഇ.ഒ-മാരുടെ കാര്യത്തിൽ പറഞ്ഞതുതന്നെ).

പ്രത്യേകം ശ്രദ്ധിക്കുക - ഒരു കാറ്റഗറിയിലെ ഏറ്റവും ജൂനിയറായ അധ്യാപകരെത്തന്നെയാണ് അധ്യാപകബാങ്കിലേക്ക് മാറ്റുന്നത് എന്ന കാര്യം നിർബന്ധമായും ഉറപ്പാക്കണം. സീനിയർ അധ്യാപകർ ബാങ്കിലും ജൂനിയർ അധ്യാപകർ സ്കൂളിലും ഉണ്ടാകുന്ന അവസ്ഥ സംജാതമാക്കരുത്.

അതീവ ശ്രദ്ധയോടെയും ജാഗ്രതയോടെയും നിർവഹിക്കേണ്ട ജോലി യാണിത്. അവധി ഒഴിവിൽ ജോലിനോക്കുന്ന അധ്യാപകരെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തരുത്. (ഇവരുടെ പേര് Employee Details ൽ ഉൾപ്പെടുത്തരുത് എന്നറിയി ച്ചിരുന്നതാണ്). നിയമനാംഗീകാരമില്ലാത്ത ജീവനക്കാരെയും ബാങ്കിൽ ഉൾപ്പെടു ത്താനിടവരരുത്. അർഹതയില്ലാത്ത ആരെയെങ്കിലും അധ്യാപക ബാങ്കിൽ ഉൾപ്പെടു ത്തിയാൽ എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ-മാർ അതിന്റെ ഉത്തരവാദിത്തം വ്യക്തിപരമായി ത്തന്നെ ഏറ്റെടുക്കേണ്ടിവരും എന്ന വിവരവും അറിയിക്കുന്നു.

ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് മൂലം തസ്തിക നിർണയം (2014-15) നടന്നിട്ടില്ലാത്ത സ്കൂളുകളിൽനിന്നുള്ള ജീവനക്കാരാരെയും ബാങ്കിലേക്ക് മാറ്റരുത്. ഏതെങ്കിലും സ്കൂളിന്റെ/അധ്യാപകന്റെ പേരുവിവരം സൈറ്റിൽ ലഭ്യമല്ലെങ്കിൽ പ്രസ്തുതവിവരം ഐ.ടി@സ്കൂളിന്റെ സാങ്കേതിക സഹായത്തിനുള്ള ടെലിഫോൺ നമ്പരിൽ (0471 2529800 Extn :852) വിളിച്ചുപറയുകയും ഇ-മെയിൽ അയക്കുകയും ചെയ്യുക.

25.09.2014 വൈകീട്ട് 5 മണിക്കുമുമ്പ് എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ-മാർ മേൽപ്പ റഞ്ഞ പ്രവൃത്തികൾ പൂർത്തിയാക്കി സർക്കാർ സ്കൂളുകളിൽനിന്നും, വ്യക്തിഗത മാനേജ്മെന്റ് എയ്ഡഡ് സ്കൂളുകളിൽനിന്നുമുള്ള അധ്യാപക ബാങ്കിലെ ജീവനക്കാ രുടെ പേരുവിവരം സമർപ്പിക്കേണ്ടതാണ്.

ഒന്നിലധികം സ്കൂളുകളുള്ള വ്യക്തിഗത, കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുക ളിൽനിന്ന് അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തേണ്ട ജീവനക്കാരുടെ വിവരങ്ങൾ 25.09.2014 മുതൽ ഡയറക്ടറേറ്റിൽവച്ച് എന്റർ ചെയ്യുന്നതായിരിക്കും. ഇതിനുള്ള അറിയിപ്പ് പിന്നാലെ നൽകുന്നതാണ്.

വിശ്വസ്തതയോടെ,

**കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

<u>സംശയനിവാരണത്തിന്</u>

ഔദ്യോഗികം (ഡി.പി.ഐ ഓഫീസ്) - 0471 2580515, 9446128780

സാങ്കേതികം (ഐ.ടി@സ്കൂൾ പ്രോജക്ട്) - 0471 2529800 Extn :852